മലയാള മനോരമ

Malayala Manorama

| Date: 22 March 2012 | Page: 1 | Edition:Adimali, Iduki |
|---|---|---|

# ഇ ടോയ്‌ലറ്റ് ആവശ്യം ശക്തം

അടിമാലി● അടിമാലിയടക്കമുള്ള പഞ്ചായത്തുകളിൽ ഇ ടോയ്‌ലറ്റുകൾ നിർമിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കാൻ അധികൃതർ തയാറാകണമെന്ന ആവശ്യം ശക്തമായി. പട്ടണങ്ങളിലും മറ്റും ശൗചാലയം നിർമിക്കാൻ സ്ഥലം ലഭ്യമല്ലെന്ന പരാതിക്കു പരിഹാരമാണ് ഇ ടോയ്‌ലറ്റുകൾ. 45 ചതുരശ്രയടി സ്ഥലത്ത് നിർമിക്കാൻ കഴിയുന്ന ഇത്തരത്തിലുള്ള ശൗചാലയം സ്ഥലത്തിന്റെ കാര്യത്തിലെ പരാധീനതകൾ ഇല്ലാതാക്കുന്നു.

വിനോദസഞ്ചാരകേന്ദ്രങ്ങളിലും മറ്റും സ്ഥാപിക്കാൻ കഴിയുന്ന ഇ ടോയ്‌ലറ്റുകൾ എറണാകുളം തിരുവനന്തപുരം കോട്ടയം പട്ടണങ്ങളിൽ ഇതിനോടകം സ്ഥാനംപിടിച്ചിട്ടുണ്ട്.

അടിമാലി പട്ടണത്തിൽ ശൗചാലയത്തിനുള്ള സ്ഥലത്തിനായി പഞ്ചായത്തു ഭരണസമിതികൾ അനവധി വർഷങ്ങളായി ഓടാൻതുടങ്ങിയിട്ടുംപുരോഗതിയുണ്ടായിട്ടില്ലാത്ത നിലയിൽ ഇ ടോയ്‌ലറ്റുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.



ഇ-ടോയ്‌ലറ്റിന്റെ മാതൃക